പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2491 23.01.2014-ൽ മറുപടിക്ക്

പട്ടികവർഗ്ഗ വംശീയ വൈദ്യൻമാരുടെ പഠനഗവേഷണങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ചിറ്റയം ഗോപകുമാർ : | | കുമാരി. പി.കെ.ജയലക്ഷ്മി (പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| | ചോദ്യം | | ഉത്തരം |
| (എ) | പട്ടികവർഗ്ഗക്കാരിലെ വംശീയ വൈദ്യൻ മാർക്ക് പഠന ഗവേഷണങ്ങൾക്കായി എത്ര തുക ഈ സർക്കാർ അനുവദിച്ചിട്ടുണ്ടെന്നുള്ള വിവരം സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ : | (എ) | 2013-14 സാമ്പത്തികവർഷം മുതൽ ആരംഭിച്ച പട്ടികവർഗ്ഗ വംശീയ വൈദ്യന്മാരുടെ പഠന ഗവേഷണത്തിനും തൊഴിൽ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പദ്ധതിയ്ക്ക് 30 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ വംശീയവൈദ്യന്മാർക്ക് കിർത്താഡ്സ് മുഖേന പഠന ഗവേഷണത്തിനും മറ്റു പരിശീലന പരിപാടികൾക്കുമായി 2011-12 വർഷത്തിൽ 24,96,407/- രൂപയും 2012-13 വർഷത്തിൽ 37,93,100/- രൂപയും 2013-14 വർഷത്തിൽ 11,48,000/- രൂപയും അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഇത്തരം ഗവേഷണങ്ങൾക്കായി വകുപ്പു തലത്തിൽ പ്രത്യേകമായ ഗവേഷണ കേന്ദ്രങ്ങൾ നിലവിലുണ്ടോ; എങ്കിൽ അവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | നിലവിലില്ല. |
| (സി) | പട്ടികവർഗ്ഗക്കാരിലെ വംശീയ വൈദ്യൻ മാരുടെ ഗവേഷണഫലമായി ആരോഗ്യ രംഗത്ത് ശ്രദ്ധേയമായ നേട്ടങ്ങൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ ആയവ സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുമോ; | (സി) | പഠനഗവേഷണ പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലാണ് |
| (ഡി) | പഠനഗവേഷണങ്ങൾക്കായി അനുബന്ധ വകുപ്പുതല ഗവേഷണ കേന്ദ്രങ്ങൾ ഇല്ലായെങ്കിൽ അത്തരത്തിലുള്ള സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ഡി) | തിരുവനന്തപുരം ജില്ലയിൽ വിതുര ആസ്ഥാനമാക്കി ഒരു പരിശീലനകേന്ദ്രം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ